കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുവായൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി19/1900/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

ഫോൺ- 0491-2520145

തീയതി-24.10.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊടുവായൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൊടുവായൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി19/1900/2017 തീയതി-24.10.2017

# പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 14.11.16 മുതൽ 30.07.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ. കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31.07.2017 മുതൽ 05.08.2017 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. പ്രേമാനന്ദ്.എസ് | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. പത്മകുമാർ.സി.എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| 4 | ശ്രീമതി.ഫസീല.കെ | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| പ്രസിഡണ്ട് | |
|---|---|
| ശ്രീ.ജി.കൃഷ്ണപ്രസാദ് | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | |
| ശ്രീ.ഗോപാലകൃഷ്ണൻ.സി (അസി.സെക്രട്ടറി & സെക്രട്ടറി ഇൻചാർജ്ജ്) | 01-04-2016 മുതൽ 31-05-2016വരെ,<br>19-08-2016 മുതൽ 14-10-2016വരെ,<br>06-11-2016 മുതൽ 25-12-2016വരെ |
| ശ്രീമതി.ബീഗം സൈന.ബി | 01-06-2016വരെ 18-08-2016വരെ |
| കെ.മുരളി | 15-10-2016 മുതൽ 05-11-2016 വരെ |
| ശ്രീ.എ.മുരളീധരൻ | 26-12-2016 മുതൽ 15-02-2017 വരെ |
| ശ്രീ.സുബ്രഹ്മണ്യൻ.എസ് | 16-02-2017 മുതൽ 31-03-2017 വരെ |

<u>(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ഉണ്ണി.കെ.എസ് | 01-04-2016 മുതൽ 05-10-2016 വരെ 20.02.2017 മുതൽ 01.03.2017 വരെ |
| | ശ്രീമതി.അനുഷ.ആർ | 06-10-2016 മുതൽ 19-02-2017 വരെ 02-03-2017 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗോപാലകൃഷ്ണൻ.സി | 01-04-2016 മുതൽ 31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മധു.കെ | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ലക്ഷ്മിക്കുട്ടി.എസ് | 01-04-2016 മുതൽ 31-03-2017വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശെൽവരാജൻ.ടി | 01-04-2016 മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ശ്രീല.ആർ | 01-04-2016 മുതൽ 31-03-2017വരെ |
| വെറ്ററിനറി സർജൻ | ഡോ.എൻ.ശിവകുമാർ | 01-04-2016 മുതൽ 30-08-2016 വരെ |
| | ഡോ.ജയൻ | 01-09-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ലക്ഷ്മീദേവി | 01-04-2016 മുതൽ 17-08-2016വരെ |
| | ശ്രീ.കെ.വി.മുരളീധരൻ | 18-08-2016 മുതൽ 06-10-2016വരെ |
| | ശ്രീമതി.മഞ്ജു.എസ്.പി | 07-10-2016 മുതൽ 31-03-2017വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മുസ്തർജാൻ.എം | 01-04-2016 മുതൽ 31-03-2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രിൻസി എസ് ജോൺ | 01-04-2016 മുതൽ 31-03-2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം.1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |

| | | |
|---|---|---|
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 | | |
| 1 | 2-1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 2 | 2-2 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് |
| 3 | 2-3 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് |
| 4 | 2-4 | സാംഖ്യ രശീതികളുടെ ഉപയോഗം കൃത്യമാക്കേണ്ടതാണ് |
| 5 | 2-5 | ഇ-ടെണ്ടർ - ടെണ്ടർ ഫോം ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കണം: |
| ഭാഗം 3 | | |
| 1 | 3-1 | സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് തിരികെ ഈടാക്കിയിട്ടില്ല |
| 2 | 3-2 | 'നവക്കോട് കുടിവെള്ള പദ്ധതിക്ക് 7.5 HP മോട്ടോർ'- ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു |
| 3 | 3-3 | ബിറ്റുമിനു വേണ്ടി പെട്രോളിയം കമ്പനികൾക്കു നൽകിയ തുകകളിൽ ബാക്കി ഈടാക്കണം |
| 4 | 3-4 | കേന്ദ്ര സഹായം ചെലവഴിക്കാത്ത തുക അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണ് |
| 5 | 3-5 | വയോജനങ്ങൾക്ക് ഭക്ഷണവിതരണ സാമഗ്രികൾ വിതരണം ചെയ്തത് സംബന്ധിച്ച് |
| 6 | 3-6 | ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് |
| 7 | 3-7 | ആശ്രയ-ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് |
| 8 | 3-8 | കുടുംബശ്രീ ആശ്രയ അക്കൗണ്ടിൽ ചെലവാകെ കിടക്കുന്ന തുക തിരികെ അടവാക്കണം |

| | | |
|---|---|---|
| 9 | 3-9 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്- പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കണം |
| 10 | 3-10 | ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ വിവരം ലഭ്യമായില്ല |
| 11 | 3-11 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ |
| 12 | 3-12 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 | | |
| 1 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 5 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 8 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 9 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29-03-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2017 | 29-06-2017 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9610748 |
| വരവ് | 79796845 |
| ആകെ | 89407593 |
| ചെലവ് | 68640819 |
| നീക്കിയിരിപ്പ് | 20766774 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13022949 | 13022949 | 9368637 | 3654312 | 71.93 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10754310 | 10754310 | 6005246 | 4749064 | 55.84 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6704025 | 6704025 | 1684331 | 5019694 | 25.12 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3478650 | 3478650 | 3421085 | 57565 | 98.34 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7303259 | 7303259 | 6212288 | 1090971 | 85.06 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 3910121 | 3910121 | 1177321 | 2732800 | 30.11 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 24290 | 24727727 | 24752017 | 24727061 | 666 | 99.99 |
| ബി ഫണ്ട് | 0 | 44529200 | 44529200 | 44529200 | 0 | 100.00 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 63556220 | 86 | 31536793 | 28 | 88 | 42.50 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 94.85ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3952891 | 5499997 | (+)1547106 | (+)39.14 |
| നികുതിയേതര വരവുകൾ | 2227387 | 6542070 | (+)4314683 | (+)193.71 |
| ആകെ | 6180278 | 12042067 | (+)5861789 | (+)94.85 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 225720 | 136 |
| കർഷകതൊഴിലാളി പെൻഷൻ | 6935500 | 697 |

| | | |
|---|---|---|
| വിധവാപെൻഷൻ | 15495570 | 1445 |
| വാർദ്ധക്യകാലപെൻഷൻ | 17824595 | 1633 |
| വികലാംഗപെൻഷൻ | 2689085 | 289 |
| വിവാഹ ധനസഹായം | 510000 | 17 |
| അവിവാഹിത പെൻഷൻ | 848730 | 83 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-08-2017 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 2.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2668 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ യോഗം കൃത്യമായി ചേരുന്നുണ്ട്. ഡി&ഓ ലൈസൻസ് അപേക്ഷ സ്വികരിക്കുമ്പോൾ ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും കൂടെ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്. കർമ്മ സമിതികളുടെയും, ഗ്രാമസഭകളുടെയും പ്രവർത്തനം ഊർജ്ജിതമാക്കി പദ്ധതി നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ മുഴുവനായും ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-05-2017 മുതൽ 20-05-2017 വരെ | 04/2016 | 30-05-2017 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-12-2009 മുതൽ 02-01-2010 വരെ | 2004-05 മുതൽ 2008-09 വരെ | 04-02-2010 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയ ഡാറ്റാ എൻട്രിയിൽ ഉണ്ടായിട്ടുള്ള പല അപാകതകളും സോഫ്റ്റ്‌വെയറിന്റെ പരിമിതി മൂലം ഉണ്ടായിട്ടുള്ള അപാകതകളും പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുവെന്നും പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I.സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതി – ഓഫീസ് കെട്ടിടങ്ങളുടെ നികുതി ചട്ടപ്രകാരമല്ലാതെ പരിമിതപ്പെടുത്തിയ നടപടി പുനപരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതി മൂലമാണ് ഇത്തരത്തിൽ നികുതി പരിമിതപ്പെടുത്തുന്നത്. ആയതുമൂലം ഗ്രാമപഞ്ചായത്തിന്റെ നികുതി വരവിൽ കുറവുണ്ടാകുന്നതായി വിലയിരുത്തുന്നു. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | പഴയ നികുതി | നികുതി നിരക്ക് | ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം നിർണ്ണയിക്കാവുന്ന നികുതി | നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 10/190 | സെക്രട്ടറി, NSS കരയോഗം | 12 | 87 | 40 | 480 | 218 | 262 |
| 2 | 10/177 | പരമേശ്വരൻ നായർ, തോട്ടക്കാട്ടുതറ | 25 | 173 | 40 | 700 | 433 | 267 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 6/24 | സുന്ദരൻ, പ്രസിഡണ്ട്, ഈഴവ സമുദായം | 40 | 61 | 40 | 960 | 153 | 807 |
| 4 | 9/439 | കൃഷ്ണകുമാർ & രാമചന്ദ്രകുമാർ | 130 | 368 | 40 | 3640 | 920 | 2720 |
| 5 | 9/486 | വേണുഗോപാൽ | 24 | 216 | 40 | 1152 | 513 | 639 |
| 6 | 9/601 | രാജു, പ്രസിഡണ്ട്, ഈഴവ സമുദായം | 40 | 42 | 40 | 800 | 105 | 695 |
| 7 | 9/604 | പ്രസിഡണ്ട്, മൂത്താൻ സമുദായം | 40 | 182 | 40 | 800 | 455 | 345 |

27.04.2015 ലെ സ.ഉ (എം.എസ്)നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവിലെ ക്രമ നം.3 പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല.

II. സഞ്ചയ അസസ്സ്മെന്റിലും ഫോം 6ലും കാലപ്പഴക്കം പൂജ്യം വർഷമായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് 50 ശതമാനം ഇളവ് അനുവദിച്ചതായി കാണുന്നു.

ഉദാ:-വാർഡ് 9, കെട്ടിട നം.439

III. വാർഡ്16, കെട്ടിട നം.524 എന്ന നമ്പറിലുള്ള കെട്ടിടം പ്രസിഡണ്ട് /സെക്രട്ടറി , കുവൈത്ത് ട്രസ്റ്റ് എന്ന പേരിലാണ് സഞ്ചയ അസസ്സ്മെന്റിലും ഫോം 6ലും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടാവശ്യമായി കണക്കാക്കി ആ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഇളവുകൾ/വർദ്ധനവ് ഏതിന്റെ അടിസ്ഥാനത്തിലാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി തുക ഇളവുകൾ / വർദ്ധനവ് ബാധകമാക്കിയിട്ടില്ല.

IV. ഫോം 6 കൃത്യമായി തയ്യാറാക്കിയിട്ടില്ല

സെക്രട്ടറി, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്ന പേരിൽ 9/896 എന്ന നമ്പറിലുള്ള കെട്ടിടത്തിന്റെ ഫോം 6 പരിശോധിച്ചതിൽ ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷമുള്ള നികുതി 1600 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക വസ്തുനികുതി, ഗ്രന്ഥശാലാ വരി എന്നിവ പൂജ്യമായും സേവനനികുതി 534 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/5.8.17ന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. വസ്തുനികുതി ഡാറ്റാ എൻട്രി നടത്തിയതും ഫോം 6 ലെ വിവരങ്ങളും മേലുദ്യോഗസ്ഥൻ പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും കൃത്യമായി നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിലെ വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളും മറ്റ് ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും രണ്ട് കംഫർട്ട് സ്റ്റേഷനുകളും ഉൾപ്പെടെ 59 മുറി/സ്ഥലങ്ങളിൽ നിന്നും പഞ്ചായത്തിന് വരുമാനമുണ്ട്. കരട് ബൈലോ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | വാടകക്കാരൻ | പ്രതിമാസ നിരക്ക് | കുടിശ്ശിക |
|---|---|---|---|
| 1 | പ്രസിഡണ്ട്/സെക്രട്ടറി<br>കോ-ഓപ്പറേറ്റിവ് സ്റ്റോർ<br>റൂം നം. 1 | 316 | 3792 |
| 2 | പ്രസന്നകുമാരി, ഷോപ്പിംഗ് സെൻ്റർ, സെൻ്റർ റൂം | 550 | 6600 |
| 3 | ഉണ്ണികൃഷ്ണൻ, വാട്ടർ ടാങ്കിനടുത്ത സ്ഥലം | 580 | 1740 |
| 4 | വിജയരാഘവൻ<br>എത്തനൂർ | 128 (വാർഷിക നിരക്ക്) | 128 |
| 5 | നാരായണൻ, പിട്ടുപീടിക ബസ് വെയിറ്റിംഗ് ഷെഡിലെ മുറി | 1255 | 12550 |
| 6 | കെ.രാജൻ, മാർക്കറ്റ് സ്റ്റാൾ നം. 13 | 412 | 2060 |
| 7 | രതീഷ്, പാലക്കാട് റോഡിലെ ഒഴിഞ്ഞ സ്ഥലം | 945 | 11340 |
| 8 | എ.എം.ഇസ്മയിൽ, വാട്ടർ ടാങ്കിനടുത്തുള്ള ഷോപ്പിംഗ് സെൻ്റർ | 11025 | 77175 |
| 9 | എ.എം.ഇസ്മയിൽ, വാട്ടർ ടാങ്കിനടുത്തുള്ള ഷോപ്പിംഗ് സെൻ്റർ | 29925 | 161546 |
| 10 | സുബൈർ, റൂം നം. 2 പുതിയ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 1 | 7236 | 41832 |
| 11 | സക്കീർ ഹുസ്സൈൻ, പുതിയ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 2 | 32760 | 84102 |

മേൽ പറഞ്ഞ വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

i) ബി എസ് എൻ എൽ Vs സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് എന്ന കേസിൻ്റെ(കേസ്

നം.WP(C).No. 16670 of 2006 (H)) 07/09/2016 ലെ ബഹു. കേരള ഹൈക്കോടതി വിധിയിൽ ബി എസ് എൻ എല്ലിനെ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ 'ബിസിനസ് നടത്തുന്ന' ഒരു സ്ഥാപനമായി കണക്കാക്കി പഞ്ചായത്തിലേക്ക് സ്ഥാപനതൊഴിൽ നികുതി അടവാക്കണമെന്ന് ഉത്തരവിട്ടിട്ടുണ്ട്. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | രണ്ട് അർദ്ധ വർഷങ്ങൾ |
| 2 | ഗനി ഹോണ്ട സർവ്വീസ് സെന്റർ | രണ്ട് അർദ്ധ വർഷങ്ങൾ |
| 3 | കല്യാൺ ജ്വല്ലേഴ്സ് മിനി സ്റ്റോർ | രണ്ട് അർദ്ധ വർഷങ്ങൾ |

ii) 1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (എ)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | വർഷം |
|---|---|---|
| 1 | ഗനി ഹോണ്ട സർവ്വീസ് സെന്റർ | രണ്ട് അർദ്ധ വർഷങ്ങൾ |
| 2 | കല്യാൺ ജ്വല്ലേഴ്സ് മിനി സ്റ്റോർ | രണ്ട് അർദ്ധ വർഷങ്ങൾ |
| 3 | ഇൻഡിഗോ ഗ്രാഫിക്സ് & പ്രിന്റ്സ് | രണ്ട് അർദ്ധ വർഷങ്ങൾ |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും, തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന എല്ലാവരും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് പഞ്ചായത്ത് പ്രദേശത്തെ സ്ഥലങ്ങളും കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ കെട്ടിട / ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതാണ്. ആയത് ഉപയോഗിച്ച് എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും, തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന എല്ലാവരും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത്

ഈടാക്കേണ്ടതാണ്.

## 2-4 സാംഖ്യ രശീതികളുടെ ഉപയോഗം കൃത്യമാക്കേണ്ടതാണ്

17.05.2017 ലെ സാംഖ്യ രശീതി നം.117020101104 (സ്റ്റേഷണറി നം.2177082) കാൻസൽഡ് ആയി കാൻസൽഡ് റസീപ്റ്റ് റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്. എന്നാൽ രശീതുകളുടെ കൌണ്ടർഫോയിൽ പരിശോധിച്ചതിൽ പ്രസ്തുത രശീതി ഷഫീക്ക് എന്നവർക്ക് നൽകിയതായും കാണുന്നു. ഇതേ തീയതിയിലെ രശീതി സ്റ്റേഷണറി നം.2177083 പ്രിന്റർ ഫാൾട്ട് കാരണം കാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കാൻസൽഡ് റസീപ്റ്റ് റിപ്പോർട്ടിൽ കാണുന്നില്ല. രശീതികൾ കൃത്യമായി ഉപയോഗിക്കേണ്ടതും കാൻസൽ ചെയ്യുന്ന രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 2-5 ഇ-ടെണ്ടർ - ടെണ്ടർ ഫോം ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കണം:

2015-16, 2016-17 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ 10 പ്രൊജക്ടുകൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയായി ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട രു:33300/- (മുപ്പത്തിമൂവായിരത്തി മുന്നൂറ് രൂപ) നാളിതുവരെ ലഭ്യമായിട്ടില്ല. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ (പാലക്കാട് ജില്ലാ പഞ്ചായത്ത്) നിന്നും തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | എസ്റ്റിമേറ്റ് തുക | ടെണ്ടർ ഫോം വില | നികുതി | ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ എണ്ണം | ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|
| 1 | 185/17: പഞ്ചായത്ത് കെട്ടിടത്തിന്റെ മുകളിൽ കോൺഫറൻസ് ഹാൾ നിർമ്മാണം | 1214993 | 2500 | 125 | 2 | 5000 |
| 2 | 2015-16: അട്ടപ്പറക്കളം കോളനി റോഡ് പുനരുദ്ധാരണം | 500000 | 1000 | 100 | 2 | 2000 |
| 3 | 2015-16: കുമളം കാട് പറയൻകുളമ്പ് റോഡ് റോഡ് പുനരുദ്ധാരണം | 500000 | 1000 | 100 | 2 | 2000 |
| 4 | 2015-16: മണിയങ്കോഡ് കുളം റോഡ് പുനരുദ്ധാരണം | 500000 | 1000 | 100 | 2 | 2000 |
| 5 | 2015-16: ഹരിതനഗർ റോഡ് പുനരുദ്ധാരണം | 500000 | 1000 | 100 | 3 | 3000 |
| 6 | 2015-16: മൃഗാശുപത്രി നവീകരണം | 1050737 | 5000 | 500 | 2 | 10000 |
| 7 | 2015-16: മിനി ഗ്രൗണ്ട് പുനരുദ്ധാരണം | 767901 | 1550 | 80 | 1 | 1550 |
| 8 | 2015-16: ചാന്തിരുത്തി അംഗൻവാടി കെട്ടിട നിർമ്മാണം. | 752161 | 1550 | 80 | 1 | 1550 |
| 9 | 2015-16: മിനി ഗ്രൗണ്ട് പുനരുദ്ധാരണം | 767901 | 1550 | 80 | 2 | 3100 |
| 10 | 2015-16: ചാന്തിരുത്തി അംഗൻവാടി കെട്ടിട നിർമ്മാണം. | 752161 | 1550 | 80 | 2 | 3100 |
| | ആകെ | | | | | 33300 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു വരുന്ന സാക്ഷരത പ്രേരക്മാർക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 01-06-2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ ഓണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നീ ഇനങ്ങളിൽ നൽകിയ തുകയായ ₹136236/- ചെലവഴിച്ചിട്ടുണ്ട്. സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തി (നം.09/04-08-2017) ന് തുക സാക്ഷര മിഷനിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.)

## 3-2 'നവക്കോട് കുടിവെള്ള പദ്ധതിക്ക് 7.5 HP മോട്ടോർ'- ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു

പ്രോജക്റ്റിന്റെനമ്പറും പേരും - 166/17, കുടിവെള്ള പദ്ധതിക്ക് 7.5 HP മോട്ടോർ

ചെലവ്- ₹113210 (₹22500-Bill No.38/31-03-2017(General), 30710-Bill No.39/31-03-2017(CFC), ₹60000-Voucher No.21601472/31-03-2017(തനത് ഫണ്ട്) )
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം ബോർവെൽ സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിച്ചതിൽ ഐറ്റം നമ്പർ -2 (Supply, Conveyance, installation, testing and commissioning of Open well submersible block pump 7.5 HP, 3 phase panel starter including V-meter, A – ameeter complete with accessories and giving connection etc as required) ന് വേണ്ടി 7162 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധന നടത്തിയതിൽ ടി പ്രവൃത്തി ചെയ്തിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി (തുറന്ന കിണർ ഉപയോഗിച്ച് ടി പ്രദേശത്ത് കുടിവെള്ള പദ്ധതി ഇല്ല). പഴയ മോട്ടോറിന് പകരം പുതിയ മോട്ടോർ സ്ഥാപിച്ചെങ്കിലും പഴയ മോട്ടോർ കണ്ടെത്താൻ കഴിഞ്ഞില്ല. ഉപയോഗിക്കാത്ത മോട്ടോർ, റിപ്പയറിനായി വർക്ക് ഷോപ്പിലാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. ആകയാൽ ടി മോട്ടോർ ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറുകയും സ്റ്റോക്കിലെടുക്കുകയും ചെയ്യേണ്ടതാണ്. പ്രവർത്തന ക്ഷമമാണെങ്കിൽ ആയത് ഉപയോഗയോഗ്യമാക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കുന്നതാണ്.

₹7162 അനധികൃതമായി കരാറുകാരന് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണത്തി (നം.09/04-08-2017)ന്റെ ഫലമായി രസീതി നം.117020103982/07-08-2017 പ്രകാരം തുക തിരികെ അടച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ബിറ്റുമിനു വേണ്ടി പെട്രോളിയം കമ്പനികൾക്കു നൽകിയ തുകകളിൽ ബാക്കി ഈടാക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17ൽ അംഗീകാരം കിട്ടിയ റോഡ് ടാറിങ്ങ് പ്രവൃത്തികൾക്ക് ബിറ്റുമിൻ ലഭ്യമാക്കുന്നതിന് വേണ്ടി സെക്രട്ടറി മുഖേന ഹിന്ദുസ്ഥാൻ കൊലാസ് പ്രൈവറ്റ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂർ തുകകളിൽ വിതരണം ചെയതതിന്റെ വില കഴിച്ചുള്ള ₹45880/- (44224+1656) തിരികെ ഈടാക്കണം.

ഓരോ പ്രവൃത്തികൾക്കും ആവശ്യമായ ബിറ്റുമിന്റെ അളവ് കണക്കാക്കി ആവശ്യമായ തുക ആ പ്രോജക്ടിനായി വകയിരുത്തിയ ഫണ്ടിൽ നിന്നും പിൻവലിക്കുകയും ഈ തുക സെക്രട്ടറിയെ ഏൽപ്പിക്കുകയുമാണുണ്ടായത്. സെക്രട്ടറി പെട്രോളിയം കമ്പനികൾക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആവശ്യപ്പെട്ട ബിറ്റുമിന്റെ അളവ് | കമ്പനിയുടെ പേര് | ചെക്ക് നം. | തുക(₹) |
|---|---|---|---|---|
| 1 | RS1-12ബാരൽ | ഹിന്ദുസ്ഥാൻ കെലാസ് പ്രൈവറ്റ് ലിമിറ്റഡ് | 1605619 /17.04.17 | 88,182 |
| 2 | VG-30(S65) 158 ബാരൽ | ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | 1605618/ 17.04.17 | 8,84,541 |

കമ്പനികളിൽ നിന്നും ബിറ്റുമിൻ ലഭ്യമായതിന്റെ വിവരം:

| 1. ഹിന്ദുസ്ഥാൻ കൊലാസ് പ്രൈവറ്റ് ലിമിറ്റഡ് | | | |
|---|---|---|---|
| ക്രമ നം. | ഇൻവോയ്സ് നം. | ലഭിച്ച ബിറ്റുമിന്റെ അളവ് | തുക(₹) |
| 1 | വ്യക്തമല്ല | 12 ബാരൽ SS1 | 86526 |
| ആകെ | | 12 ബാരൽ SS1 | 86526 |

ഹിന്ദുസ്ഥാൻ കൊലാസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും തിരികെ ലഭിക്കാനുള്ളത് രൂ:1656/-(88,182-86526).

| 2. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | | | |
|---|---|---|---|
| ക്രമ നം. | ഇൻവോയ്സ് നം. | ലഭിച്ച ബിറ്റുമിന്റെ അളവ് | തുക(₹) |

| | | | |
|---|---|---|---|
| 1 | 17001030/27.07.17 | 60 ബാരൽ VG-30 | 324513.41 |
| 2 | 17001335/08.05.17 | 98 ബാരൽ VG-30 | 515803.49 |
| ആകെ | | 250 ബാരൽ VG-30 | 840316.9 |

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും തിരികെ ലഭിക്കാനുള്ളത് ₹44224./- (8,84,541 -840316.9) ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

## 3-4 കേന്ദ്ര സഹായം ചെലവഴിക്കാത്ത തുക അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്,എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ ഈയിനത്തിൽ ലഭിച്ച കേന്ദ്ര ഫണ്ടിൽ ₹795942 (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊള്ളായിരത്തി നാല്പത്തിരണ്ട് രൂപ) വിനിയോഗിക്കാതെ കിടക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ 22 അങ്കണവാടികളിലെ അടിസ്ഥാന സൗകര്യമില്ലാത്തവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | സ്വന്തമായി സ്ഥലമില്ലാത്തവയുടെ എണ്ണം | 4 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്തവ | 4 |
| 3 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 4 |
| 4 | വൈദ്യുതീകരിക്കാത്തത് | 2 |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 10 |

കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, വൈദ്യുതി കണക്ഷൻ, ടോയ് ലെറ്റ്, ചുറ്റുമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്ത് കേന്ദ്ര സഹായം അടിയന്തിരമായി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 വയോജനങ്ങൾക്ക് ഭക്ഷണവിതരണ സാമഗ്രികൾ വിതരണം ചെയ്തത് സംബന്ധിച്ച്

പ്രൊജക്റ്റ് നം-12/16-17

അടങ്കൽ -₹115000/-(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് - 114859രൂപ (ബിൽ നം. 12/16-17 തീയതി 29/3/2017 )

പദ്ധതി പ്രകാരം 22 വയോജനങ്ങൾക്ക് പോഷകാഹാരം നൽകുന്നതിനായി തൻവർഷം 114859രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം. 4/2016/ത.സ്വ.ഭ.വ തീ. 11.1.2016 പ്രകാരമുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആശ്രയ-അഗതി കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്താവുന്നതാണ്. പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക 11.10(iv) ആശ്രയ പരിചരണ സേവന പാക്കേജ് പ്രകാരം അർഹതയുള്ള അഗതികൾക്ക് അങ്കണവാടി മുഖേന പാകം ചെയ്ത് ഭക്ഷണവിതരണം നടത്താവുന്നതാണ്. എന്നാൽ ആശ്രയ ഗുണഭോക്താക്കളല്ലാത്ത വൃദ്ധർക്ക് അങ്കണവാടികൾ മുഖേന ഭക്ഷണം പാകം ചെയ്തു നൽകുന്നതിനുള്ള സാമഗ്രികളായ അരി, പയർ, ഗോതമ്പ് റവ, എണ്ണ, ശർക്കര എന്നിവ കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനായാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആശ്രയ പദ്ധതിയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് പ്രത്യേകം ഭക്ഷണവിതരണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നുള്ള ഓഡിറ്റ് അന്വേഷണം നം.3/2-8-17 നുള്ള മറുപടിയിൽ, അഗതികളും അശരണരും പാലിയേറ്റീവ് കെയർ രോഗികളുമായ വയോജനങ്ങൾക്കാണ് വിതരണം ചെയ്തതെന്നും 2017-18 വർഷത്തിൽ ഇക്കാര്യത്തിനായി പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ലായെന്നും അറിയച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ കണക്കിലെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രവർത്തനങ്ങൾക്കായി പ്രൊജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ പ്രത്യേക അംഗീകാരം മുൻകൂറായി വാങ്ങേണ്ടതാണ്. മേൽ ഗുണഭോക്താക്കളെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

## 3-6 ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

2016-17ലെ ഭവന നിർമ്മാണം (ജനറൽ) പ്രോജക്ട് നമ്പർ.103/17 പ്രകാരം ധനസഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കുകയോ, സബ്സിഡി തുക പൂർണ്ണമായും കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബാക്കി തുക |
|---|---|---|---|
| 1 | സുശീല w/o.ഹരിദാസ്, കൊട്ടുവായൂർ | 180000 | 20000/- |
| 2 | ബീന w/o. വേണുഗോപാൽ കൊട്ടുവായൂർ | 180000 | 20000/- |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പൂർത്തിക്കരണത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നുള്ള ഓഡിറ്റ് അന്വോഷണം നം.7/4-8-17 നുള്ള മറുപടിയിൽ 2017-18 വർഷത്തിൽ ഇക്കാര്യത്തിനായി പ്രോജക്ട് ആവിഷ്കരിക്കരിച്ച് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും എത്രയും വേഗം ഗുണഭോക്താക്കൾക്ക് തുക കൈമാറി പ്രവർത്തി പൂർത്തികരിക്കുന്നതാണെന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

## 3-7 ആശ്രയ-ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

പ്രോജക്റ്റിന്റെനമ്പറും പേരും - 137/17, ആശ്രയ പദ്ധതി (ജനറൽ)

ചെലവ്- ₹250000 (ബിൽ നം.2/22-03-2017- 225000 രൂപ, ബിൽ നം.1/13-03-2017- 25000 രൂപ)

മേൽ പ്രോജക്റ്റ് പ്രകാരം ആശ്രയ പദ്ധതി-ഭവന നിർമ്മാണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ 25000 രൂപ ഗുണഭോക്താവിന് (കണ്ണൻ S/O കണ്ടൻ, പ്ലാക്കോട്ട് കുളമ്പ്, കാക്കയൂർ) നേരിട്ട് നൽകുകയും, ബാക്കിയുള്ള തുക 225000രൂപ കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെയും ടി തുക ഗുണഭോക്താവിന് ലഭ്യമായിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് പണി പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.6/04-08-2017)

## 3-8 കുടുംബശ്രീ ആശ്രയ അക്കൗണ്ടിൽ ചെലവാകെ കിടക്കുന്ന തുക തിരികെ അടവാക്കണം

കുടുംബശ്രീ ആശ്രയ അക്കൗണ്ടിലേക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ആശ്രയ വീട് റിപ്പയർ എന്ന പദ്ധതി നടപ്പാക്കുന്നതിനായി ₹220000 കൈമാറിയതിൽ നാളിതുവരെ ചെലവഴിച്ചത് ₹80000 മാത്രമാണ്. ബാക്കിയുള്ള ₹140000 നാളിതുവരെയും തിരികെ അടച്ചിട്ടില്ല. ആകയാൽ തുക തിരികെ അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ (6/04-08-2017)) ത്തിന് ഉടൻ തന്നെ സർക്കാരിലേക്ക് അടച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.)

## 3-9 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-

## പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കണം

പ്രോജക്റ്റിന്റെനമ്പറും പേരും - 156/17, കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്

ചെലവ്- 200000 (ബിൽ നം.3/22-03-2017)

മേൽ പ്രോജക്റ്റ് പ്രകാരം കുടുംബശ്രീ അക്കൗണ്ടിലേക്ക് 200000 രൂപ കൈമാറിയിട്ടുണ്ട്. ആയത് 20കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 10000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി മോണിറ്ററിംഗ് സംബന്ധിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ ഗ്രൂപ്പുകളെ നിരന്തരം മോണിറ്ററിംഗ് നടത്തി ശക്തിപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ (6/04-08-2017)ത്തിന് പ്രസ്തുത യൂണിറ്റുകൾക്ക് തുക അനുവദിച്ചത് സ്വയം തൊഴിൽ സംരഭങ്ങൾക്കായി ഉപയോഗപ്പെടുത്താനാണ് എന്നും, യൂണിറ്റുകൾ തുക ഉപയോഗപ്പെടുത്തിയ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുമെന്നുമാണ് നിർവഹണോദ്യോഗസ്ഥനായി അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയത്.

# 3-10 ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ വിവരം ലഭ്യമായില്ല

നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബി യ്ക്ക് ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിൽ പണിപൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമായില്ല. ആകയാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക (₹) |
|---|---|---|---|
| കെ.എസ്.ഇ.ബി | 210/17,സമ്പൂർണ്ണ വൈദ്യുതീകരണം കെ.എസ്.ഇ.ബി യിൽ തുക നൽകൽ | 22/28-02-2017 | 341610 |
| കെ.എസ്.ഇ.ബി | 216/17, ടി.കെ. തറ സ്ട്രീറ്റ് ലൈറ്റ് ലൈൻ റിപ്പയർ കെ.എസ്.ഇ.ബി യിൽ നിക്ഷപിക്കൽ | 35/30-03-2017 | 61040 |
| കെ.എസ്.ഇ.ബി | 214/17, സ്ട്രീറ്റ് ലൈറ്റ് പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് ലൈൻ മെയിൽ ലഭിക്കൽ | 34/31-03-2017 | 127650 |

| | | | |
|---|---|---|---|
| കെ.എസ്.ഇ.ബി | 145/17, എസ്.സി കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ ലഭിക്കൽ | 4/28-03-2017-₹457452, 8/31-03-2017-₹18150 | 475602 |

# 3-11 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 121(19 സ്പിൽ ഓവർ +102 പുതിയത്) പദ്ധതികളിൽ 62 എണ്ണത്തിന് (12 സ്പിൽ ഓവർ + 50 പുതിയത്) തൻ വർഷം തുക ചെലവഴിച്ചിട്ടുണ്ട്. 51.23% പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കാനായത്. ചെലവില്ലാത്ത 7 സ്പിൽ ഓവർ പ്രവൃത്തികളിൽ 6 എണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ചിട്ടുണ്ട്. ഒരു പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടെങ്കിലും ബിൽ സമർപ്പിച്ചിരുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ ചെയ്ത അഞ്ചു പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയിനത്തിൽ ലഭിക്കേണ്ട രൂ:33300/- പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (തദ്ദേശ സ്വയം ഭരണ വകുപ്പ്) അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്ത് ചേർത്തിട്ടുണ്ട്.

ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന നിരത ദ്രവ്യം ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് ഇ.ഇ.യുടെ അക്കൗണ്ടിൽ നിന്നു തന്നെ തിരികെ കരാറുകാരന് ലഭ്യമാവുന്നുണ്ട്.

ഫൈനൽ ബിൽ തുക നൽകുമ്പോൾ ടെണ്ടർ ഡീവിയേഷൻ കുറക്കാത്തതനാൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അധിക തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ [നം.10(3)/5.8.17] അടിസ്ഥാനത്തിൽ 6510/- രൂപ രസീതി നം. 11702010/8.8.17 പ്രകാരം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീതിയുടെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണങ്ങളുടെ മറുപടികൾ പരിഗണിച്ച ശേഷം തയ്യാറാക്കിയ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1.അനുവദിച്ച തുകയുടെ 21.13% മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചുള്ളൂ

അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച തുകകളുടെ 35.51% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. ധനകാര്യ കമ്മീഷൻ അവാർഡും റോഡ് മെയിന്റനൻസ് ഗ്രാന്റും 25% മാത്രമാണ് ചെലവഴിച്ചത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം ലഭിച്ച തുകയുടെ 64%ൽ അധികം ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് അഭിലഷണീയമല്ല.

വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 2489339 | 793392 | 31.87 |
| വികസന ഫണ്ട് (എസ്.സി.പി) | 6685971 | 2750305 | 41.14 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 2482089 | 622972 | 25.1 |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 3910121 | 1177321 | 30.11 |
| തനത് ഫണ്ട് | 933094 | 304669 | 32.65 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 6704025 | 1684331 | 25.12 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4312000 | 2571435 | 59.63 |
| ഒ.ഡി.എഫ്. കേന്ദ്ര വിഹിതം തിരികെ ലഭിച്ചത് | 375000 | 0 | 0 |
| ആകെ | 27891639 | 9904425 | 35.51 |

2. നിശ്ചിത സമയ പരിധി കഴിഞ്ഞ് മരാമത്ത് പണികളുടെ കരാർ ഒപ്പുവെക്കുമ്പോൾ നിയമാനുസൃതം പിഴ ഈടാക്കണം.

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച് 7 ദിവസങ്ങൾക്കുള്ളിൽ സെലക്ഷൻ നോട്ടീസ് അയക്കേണ്ടതും സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതും, ഈ സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്ത പക്ഷം അടുത്ത പത്ത് ദിവസങ്ങൾക്കുള്ളിൽ കരാർതുകയുടെ 1% പിഴയോടുകൂടി കരാർ വെക്കാവുന്നതും, ഈ പരിധിയും കഴിഞ്ഞാൽ ഇ.എം.ഡി കണ്ടുകെട്ടി ആ കരാറുകാരനെ ഒഴിവാക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ തക്കസമയത്ത് എഗ്രിമെന്റ് വെക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ അതേ കരാറുകാരനു തന്നെ പ്രവൃത്തി ഏൽപ്പിച്ചതായി കാണുന്നു. {ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/05.08.17) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ ടെണ്ടർ കഴിഞ്ഞ സമയത്ത് പഞ്ചായത്ത് ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാലാണ് കരാർ വെക്കാൻ വൈകിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. പെരുമാറ്റച്ചട്ടം ഉൾപ്പെട്ട കാലയളവും കൂടി പരിഗണിച്ചിട്ടും കരാർ ഒപ്പിടാൻ കാലതാമസം നേരിട്ട പ്രവൃത്തികളാണ് ഖണ്ഡികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.} താഴെ പറയുന്ന പ്രവൃത്തികളുടെ കരാർതുകയുടെ 1% നിരക്കിൽ ഉത്തരവാദിയായവരിൽ നിന്നും പിഴ ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

(i) . 14/17(SO): പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വിവിധം - എസ്.സി.പി.

അടങ്കൽ: രൂ:250,000(പ്ലാൻ SCP)

കോൺട്രാക്റ്റർ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ് കരാർ നമ്പർ:56/22.12.2016 കരാർ തുക: രൂ:250,000/-

ടെണ്ടർ അംഗീകരിച്ച തീയതി : 17.09.2015

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാന തീയതി: 09.10.2015

കരാർ ഒപ്പിട്ട തീയ്യതി : 22.12.2015

ഈടാക്കേണ്ട പിഴ: 250,000*1% : ₹2500/-

(ii). പ്രോജക്റ്റ് നം. 21/17(SO): നടക്കാവ് മിനി കുടിവെള്ള പദ്ധതി

അടങ്കൽ: രൂ:200,000(തനത് ഫണ്ട്)

കോൺട്രാക്റ്റർ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ് കരാർ നമ്പർ:57/22.12.2016 കരാർ തുക: രൂ:200,000/-

ടെണ്ടർ അംഗീകരിച്ച തീയതി : 17.09.2015

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി: 09.10.2015

കരാർ ഒപ്പിട്ട തീയ്യതി : 22.12.2015

ഈടാക്കേണ്ട പിഴ: 200,000*1% : ₹2000/-

iii) 22/17(S0): ബസ് സ്റ്റാന്റ് പരിസരത്ത് കുഴൽകിണർ

അടങ്കൽ: രൂ:200,000(തനത് ഫണ്ട്)

കോൺട്രാക്റ്റർ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ് കരാർ നമ്പർ:58/22.12.2016 കരാർ തുക: രൂ:200,000/-

ടെണ്ടർ അംഗീകരിച്ച തീയതി : 17.09.2015

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി: 09.10.2015

കരാർ ഒപ്പിട്ട തീയ്യതി : 22.12.2015

ഈടാക്കേണ്ട പിഴ: 200,000*1% : ₹2000/-

iv) 24/17(SO): തോട്ടംകുളമ്പ് SC കോളനി വാട്ടർ സപ്ലൈ

അടങ്കൽ: രൂ:470,000(Plan-SCP)

കോൺട്രാക്റ്റർ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ് കരാർ നമ്പർ:63/22.12.2016 കരാർ തുക: രൂ:470,000/-

ടെണ്ടർ അംഗീകരിച്ച തീയതി : 17.09.2015

പിഴയില്ലാതെ കരാർ ഒപ്പിടേണ്ട അവസാനതീയതി: 09.10.2015

കരാർ ഒപ്പിട്ട തീയ്യതി : 22.12.2015

ഈടാക്കേണ്ട പിഴ: 470,000*1% : ₹4700/-

പിഴയിനത്തിൽ ആകെ ഈടാക്കേണ്ട ₹11200/- (2500+ 2000+ 2000+ 4700) ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3. കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നിട്ടും കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികൾ കരാറിൽ പറഞ്ഞ സമയത്ത് പൂർത്തീകരിച്ചിരുന്നില്ലെങ്കിലും അവസാന ബിൽതുക നൽകുമ്പോൾ കരാർ ഖണ്ഡിക 7 പ്രകാരം പിഴ ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/05.08.17) മറുപടിയിൽ ഇത് സംബന്ധിച്ച് ഒന്നും പരാമർശിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

i) 14/17(SO): പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വിവിധം - എസ്.സി.പി

അടങ്കൽ: രു:250000/- [പ്ലാൻ - SCP]

ചെലവ്: ₹179688/- (ബിൽ നം.3/19.10.16)

കരാർ നം.56/22.12.2015 കരാർ തുക:₹250000/- കരാറുകാരൻ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

അളവു പുസ്തകം നം.82/15-16 ആകെ പ്രവൃത്തി മൂല്യം: ₹179688/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 31.03.2016 പൂർത്തീകരിച്ച തീയതി: 23.05.16

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 01.04.16 മുതൽ 20.04.16വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 21.04.16 മുതൽ 22.05.16 വരെ: 250000*1%*32/90 =889.00

പിഴ: ആകെ = 1000 (മിനിമം)

ii) 16/17(SO): കല്ലൻകാട് പൈപ്പ് കലുങ്ക് പുനരുദ്ധാരണം

അടങ്കൽ: രു:275000/- [MG(NR)]

ചെലവ്: ₹275000/- (ബിൽ നം.9/23.11.16)

കരാർ നം.46/31.07.2015 കരാർ തുക:₹275000/- കരാറുകാരൻ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

അളവു പുസ്തകം നം.01/16-17 ആകെ പ്രവൃത്തി മൂല്യം: ₹275000/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 31.03.2016 പൂർത്തീകരിച്ച തീയതി: 21.12.2016

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 01.04.16 മുതൽ 09.05.16വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 10.05.16 മുതൽ 09.08.16 വരെ: 275000*1% =2750.00

പിഴ: 10.08.16 മുതൽ 20.12.16 വരെ: 275000*2%*72 /90 =4400.00

പിഴ: ആകെ =7150.00

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.10/05.08.17) മറുപടിയിൽ 2ാം ഖണ്ഡികയിൽ ഉന്നയിച്ച പൂർത്തീകരണ കാലാവധി വൈകിയത് സംബന്ധിച്ച് ഒന്നും പരാമർശിച്ചിട്ടില്ല.

iii) 21/17(SO): നടക്കാവ് മിനി കുടിവെള്ള പദ്ധതി

അടങ്കൽ: രൂ:200000/- [തനത് ഫണ്ട്] ചെലവ്: ₹156310/- (ചെ.നം.65582/7.9.16)

കരാർ നം.57/22.12.2015 കരാർ തുക:₹200000/- കരാറുകാരൻ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

അളവു പുസ്തകം നം.57/15-16 ആകെ പ്രവൃത്തി മൂല്യം: ₹156310/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 31.03.2016 പൂർത്തീകരിച്ച തീയതി: 26.05.16

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 01.04.16 മുതൽ 20.04.16വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 21.04.16 മുതൽ 25.05.16 വരെ: 200000*1%*35/90 =778.00

പിഴ: ആകെ = 1000 (മിനിമം)

iv) 22/17(S0): ബസ് സ്റ്റാന്റ് പരിസരത്ത് കുഴൽകിണർ

അടങ്കൽ: രൂ:200000/- [തനത് ഫണ്ട്] ചെലവ്: ₹127270/- (ചെ.നം.65583/7.9.16)

കരാർ നം.58/22.12.2015 കരാർ തുക:₹200000/- കരാറുകാരൻ: കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

അളവു പുസ്തകം നം.88/15-16 ആകെ പ്രവൃത്തി മൂല്യം: ₹127270/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 31.03.2016

പൂർത്തീകരിച്ച തീയതി: 17.06.16

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 01.04.16 മുതൽ 20.04.16വരെ: ഗ്രേസ് പിരിയഡ് = 0.00

പിഴ: 21.04.16 മുതൽ 16.06.16 വരെ: 200000*1%*57/90 =1267.00

ആകെ പിഴ =1267.00

പിഴയിനത്തിൽ ആകെ ഈടാക്കേണ്ട ₹10417/- ( 1000+ 7150+ 1000+ 1267) ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

4. വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനർ ആയിട്ടുള്ള പശ്ചാത്തല സൌകര്യം, വൈദ്യുതി, ഊർജ്ജം എന്നീ വർക്കിങ്ങ് ഗ്രൂപ്പിന്റെ മിനിട്ട് ബുക്ക് പരിശോധിച്ചതിൽ നിന്നും, ഈ മേഖലകളിലെ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വർക്കിങ്ങ് ഗ്രൂപ്പ് താൽപര്യമെടുക്കുന്നതായോ, ഇടപെടുന്നതായോ കാണുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.10/05.08.2017നുള്ള മറുപടിയിൽ വരും വർഷങ്ങളിൽ വർക്കിങ്ങ് ഗ്രൂപ്പ് മീറ്റിങ്ങുകളിൽ പരമാവധി പങ്കെടുക്കാൻ ശ്രമിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ എന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2016-17 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3026 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3026 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 323 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 9,00,01,000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 206 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 159 |

| ക്രമ നം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഒന്നുമില്ല |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 2,47,27,727 |
| 9 | തൻവർഷത്തെ ചെലവ് | 2,47,27,727 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1784 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1784 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 172 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഒന്നുമില്ല. |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഒന്നുമില്ല. |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് | സ്ഥാപിക്കുന്നുണ്ട് |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | ഒന്നുമില്ല |
| 17 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ഏപ്രിൽ 2017 |
| 18 | പരാതി രജിസ്റ്ററിന്റെ വിവരം | സൂക്ഷിക്കുന്നുണ്ട്. ഈ കാലയളവിൽ ലഭിച്ച പരാതികളിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഒന്നുമില്ല. |
| 20 | വേതനം നൽകുവാൻ കാലതാമസം നേരിട്ടതിന്റെ വിവരം | ഫണ്ട് അലോട്ട്മെന്റില്ലാത്തതിനാൽ വേതനം നൽകാൻ താമസം നേരിട്ടിട്ടുണ്ട്. |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2011-12 വർഷം | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 0 | 0 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 0 | 0 |
| 3 | ചെറുകിട ജലസേചനം | 65 | 11760611 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 28 | 10594409 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 0 | 0 |
| 6 | ഭൂവികസനം | 0 | 0 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 0 | 0 |
| 8 | വീട്ടു നിർമ്മാണം-ഐ.എ.വൈ | 6 | 10491 |
| | വീട്ടു നിർമ്മാണം-ഐ.എ.വൈ (സ്പിൽ ഓവർ) | 107 | 1332992 |
| 9 | റോഡ് നിർമ്മാണം | 0 | 0 |
| | ആകെ | 206 | 23698503 |

വരവു ചെലവുകളുടെ വിവരം:

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 24290 | ഭരണ നിർവ്വഹണ ചെലവ് | 1004558 |
| ഭരണ നിർവ്വഹണം-വരവ് | 1331535 | വേതനം - EFMS | 23698503 |
| ബാങ്ക് പലിശ | 1878 | IPPE ഓണറേറിയം | 24000 |
| വേതനം - EFMS | 23698503 | ഗ്രാമ പഞ്ചായത്ത് ഫണ്ട് തിരിച്ചുകൊടുത്തത് | 329979 |
| മറ്റു വരവുകൾ | 1500 | നീക്കിയിരിപ്പ് | 666 |
| ആകെ | 25057706 | ആകെ | 25057706 |

അവലോകനം

2016-17 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 9,00,01,000 |
| | ചെലവഴിച്ച തുക | 2,47,27,727 |

| | | |
|---|---|---|
| | ശതമാനം | 27.48% |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3026 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1784 |
| | ശതമാനം | 58.96% |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 172 |
| 4 | തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ? | ഇല്ല |

രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ 59% മാത്രമാണ് തൊഴിൽ ആവശ്യപ്പെടുന്നത്. തൊഴിൽ ആവശ്യപ്പെടുന്നവരിൽ 9.6% പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നത്. അലോട്ട്മെന്റ് കൃത്യ സമയത്ത് ലഭിക്കാത്തതിനാൽ 2.12.16 മുതൽ 14.12.16 വരെയുള്ള കാലയളവിലെ വേതനം ₹244209/- 12.4.17നും 24.12.16 മുതൽ 31.03.17 വരെയുള്ള കാലയളവിലെ വേതനം ₹6497478/- 12.7.17നും ആണ് നൽകിയത്. വേതനം ലഭിക്കുന്നതിലെ കാലതാമസം ഈ വർഷം തൊഴിലാളികൾ പ്രവൃത്തികളിൽ നിന്നും വിട്ടു നിൽക്കാൻ കാരണമാവുന്നുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | ക്ഷീര കർഷകന് പാലിന് സബ്സിഡി (63/17) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് കെയർ (49/17) | 195200 | 4800 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1980000 | നെൽകൃഷി കൂലി ചെലവ് (55/17) | 1980000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | വികലാംഗർക്കുള്ള സ്കോളർഷിപ്പ് (54/17) | 75000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ

## വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 210/17, സമ്പൂർണ്ണ വൈദ്യുതീകരണം | 22/ 22-02-2017 | 341610 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | 216/17, ടി.കെ. തറ സ്ട്രീറ്റ് ലൈറ്റ് ലൈൻ റിപ്പയർ | 35/ 30-03-2017 | 61040 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | 214/17, സ്ട്രീറ്റ് ലൈറ്റ് പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് ലൈൻ മെയിൽ ലഭിക്കൽ | 34/ 31-03-2017 | 127650 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | 145/17,എസ്.സി. കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 4/28-03-2017-(457452 രൂപ) 8/31-03-2017 (18150 രൂപ) | 475602 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭവന നിർമ്മാണം | ഉത്തരവ് നം. 2187/2010 /തസ്വഭവ, തീയതി- 3.7.2010 | 10996200 | 2529910 | 1200000 | - | 1329910 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 900 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-9 | 900 | ഡോ.ഓമന മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 11602108447/ 24-03-2017 |
| ആകെ | | 900 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79796845 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68640819 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21617 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ (₹) | |
| 3-11(2) | - | 11200/- | ശ്രീ.ഉണ്ണി. കെ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11(3)(i) | | 1000/- | ശ്രീമതി.അനുഷ. ആർ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11(3)(ii) | | 7150/- | ശ്രീമതി.അനുഷ. ആർ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11(3)(iii) | | 1000/- | ശ്രീ.ഉണ്ണി. കെ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11(iv) | | 1267/- | ശ്രീ.ഉണ്ണി. കെ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 21617/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക – ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ഉണ്ണി.കെ.എസ്.<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പെരുവെമ്പ് ഗ്രാമ പഞ്ചായത്ത് | 14/481, പ്രണവം,<br>പനംതൊടിക,<br>മന്ദത്തുകാവ്,<br>തണ്ണിശ്ശേരി,<br>പാലക്കാട്-678101 |
| ശ്രീമതി.അനുഷ. ആർ<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കൊടുവായൂർ ഗ്രാമ പഞ്ചായത്ത് | ആരിയംപള്ളം,<br>ചിറ്റൂർ (പി.ഒ.)<br>പാലക്കാട് ജില്ല<br>പിൻ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ് പി 8-1092/02/ 8.1.2003 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി 13-1065(1)/03 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി 9-973/05/ 5.5.06 | പ്രാദേശിക പരിശോധന റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.പി 9-606/01/ 13.10.2009 | ഡയറക്ടർക്കുള്ള കത്ത് |
| 2000-01 | എൽ.എഫ് പി 9-1388/04/ 17.10.2006 | സർച്ചാർജ്ജ്-തുടർ നടപടികൾ |
| 2001-02 | എൽ.എഫ് പി 9-362/06/ 30.1.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ് പി 9-34/08/ 14.5.2010 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ് പി 9-895/09/ 20.11.2009 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ് പി 9-36/08/ 14.5.10 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ് പി 9-995/09/ 24.1.2011 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ് പി 9-996/09/ 18.3.2010 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ് പി 19-204/13/ 7.1.9.2013 | കത്ത് |
| 2008-09 | എൽ.എഫ് പി 19-1716/12/24.192013 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി 19-2315/12/ 7.12.2012, 16.3.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ് പി 19-2315/12/7.12.2012,16.3.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ് പി 19-2022/13-10.2.14/6.3.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.19/2459/14 /10.2.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14&<br>2014-15 | കെ.എസ്.എ.പി.കെ.ഡി-19-1361/2016 /04.08.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി-18-189/2017 /29.01.2017 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## അനുബന്ധം

നം. കെ.എസ്.എ പികെഡി19/1900/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി: 24.10.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമ പഞ്ചായത്തിന്റെ 31.3.2017 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുവായൂർ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### ന്യൂനതാ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD19/1900/2017

Kerala State Audit Department
District Audit Office, Palakkad
Date:24.10.2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of KODUVAYUR GRAMA PANCHAYATH for the year ended 31.03.2017 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of KODUVAYUR GRAMA PANCHAYATH prepared for the year 2016-17 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

Abstract of defects

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .
2.The Property Tax figures shown in AFS, are not in agreement with the Sanchaya Software.
3. Deposit Register is not updated.

Deputy Director